167 (2545) സാമ്പത്തിക നഷ്ടം ഈടാക്കുവാൻ നടപടി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമക്കേടുകളിലൂടെ സഹകരണ സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്ന ഭരണ സമിതി അംഗങ്ങളിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കുവാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നഷ്ടം കർശനമായി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം വരുത്തുന്ന ഭരണ സമിതി അംഗങ്ങളിൽ നിന്നു നഷ്ടം ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ട്.

(ബി) സഹകരണ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നുണ്ട്.

168 (2546) സഹകരണ നിയമം 80-ാം വകുപ്പു പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം 80-ാം വകുപ്പു പ്രകാരമുള്ള സേവന-വേതന വ്യവസ്ഥകൾ ഭൂരിപക്ഷം സഹകരണ സംഘം ജീവനക്കാർക്കും ലഭ്യമായിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതനുസരിച്ചുള്ള വേതനം കൈത്തറി, കയർ, ക്ഷീരം തുടങ്ങിയ സംഘങ്ങളിലും മറ്റിതര വ്യവസായ സഹകരണ സംഘങ്ങളിലും നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സംഘങ്ങളെ മാത്രമേ തരംതിരിച്ച് സ്റ്റാഫ് പാറ്റേണും ശമ്പള സ്കെയിലും നിശ്ചയിച്ചിട്ടുള്ളു. മറ്റ് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സംഘങ്ങളെയും തരംതിരിച്ച് സ്റ്റാഫ് പാറ്റേണും, ശമ്പള സ്കെയിലും നിശ്ചയിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

(ബി) 80-ാം വകുപ്പു കൈത്തറി, കയർ, മറ്റിതരവ്യവസായ സഹകരണ സംഘങ്ങൾ എന്നിവയിൽ നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠിക്കുന്നതിനായി ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ക്ഷീരസഹകരണ സംഘങ്ങളെ സഹകരണ നിയമത്തിലെ 80-ാം വകുപ്പിനനുസരിച്ചുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ സംഘങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പുനർനിർണ്ണയം ചെയ്യുന്നതിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കാൻ ക്ഷീര വിപണന ഫെഡറേഷൻ എം.ഡി.ചെയർമാനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly